# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3378** **12.12.14 - ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിലെ ഡിസ്ട്രിക് പ്ളാൻ ആരാണ് തയ്യാറാക്കേണ്ടത്; | (എ) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 53-)ം വകുപ്പ് പ്രകാരം സർക്കാർ രൂപീകരിച്ച ജില്ലാ ആസൂത്രണകമ്മിറ്റി ജില്ലയ്ക്ക് മുഴുവനും വേണ്ടിയുള്ള ഇരുപത് വർഷക്കാലയളവിലേയ്ക്കുള്ള ദീർഘവീക്ഷണപ്ലാനും അതിൽ ഓരോ അഞ്ചുവർഷക്കാലയളവിലേയ്ക്കുമുള്ള എക്സിക്യൂഷൻ പ്ലാനുകളും തയ്യാറാക്കേണ്ടതും ഈ ആക്ട് പ്രകാരം അതിന് നൽകപ്പെട്ടിട്ടുള്ള അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്. |
| (ബി) | കൊല്ലം ജില്ലാ വികസന രൂപരേഖ, കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വിവക്ഷിച്ചിട്ടുള്ള ജില്ലാ പ്ലാനുമായി ഏതെല്ലാം ഘടകങ്ങളിലാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നത് സംബന്ധിച്ച് വിശദമാക്കുമോ; | (ബി) | കേരള ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (16 of 2014) പ്രകാരം ജില്ലാ ആസൂത്രണ സമിതിയാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കുന്നത്. പെഴ്സ് പെക്ടീവ് പ്ലാൻ (ദീർഘകാല), എക്സിക്യൂഷൻ പ്ലാനുകൾ (അഞ്ചുവർഷം) എന്നിവയ ടങ്ങുന്നതായിരിയ്ക്കണം പ്രസ്തുത ജില്ലാ വികസന രൂപരേഖ. ഓർഡിനൻസിലെ സെക്ഷൻ 2(y), 2(j) എന്നിവയിൽ യഥാക്രമം ടി പ്ലാനുകളുടെ നിർവ്വചനം നൽകിയിട്ടുണ്ട് കൊല്ലം ജില്ലയിൽ കൊല്ലം ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ സംയോജിത ജില്ലാ വികസന രൂപരേഖ(Integrated District Development Plan-IDDP) ഇത്തരത്തിൽ പെഴ്സ് പെക്ടീവ് പ്ലാനും, എക്സിക്യൂഷൻ പ്ലാനും അടങ്ങുന്നതാണ്. കേരള ടൗൺ ആൻറ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2014 (16 of 2014) സെക്ഷൻ 14(2) പ്രകാരം ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും നഗര-ഗ്രാമാസൂത്രണ വകുപ്പിലെ ജില്ലാ ഓഫീസുകളുമായും, മറ്റ് സർക്കാർ |

| | | | |
|---|---|---|---|
| | | | വകുപ്പുകളുമായും, സർക്കാരിതര സംഘടനകളുമായും (N.G.Os) , സാങ്കേതിക വിദഗ്ധരുമായും ചർച്ച ചെയ്താണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കേണ്ടത്.<br>കൊല്ലം ജില്ലയിൽ ഇത്തരത്തിൽ എല്ലാ വികസന പങ്കാളികളേയും ഉൾ പ്പെടുത്തിയാണ് ജില്ലാ വികസന രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | നഗരാസൂത്രണ വകുപ്പിന്, ജില്ലാ പ്ലാനുകൾ തയ്യാറാക്കുന്നതിലുള്ള പങ്ക് സംബന്ധിച്ച് വിശദമാക്കുമോ? | (സി) | നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ സ്ഥലസംബന്ധമായ ആസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ജില്ലാ ആസൂത്രണ കമ്മിറ്റിയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം നൽ - കേണ്ടതും നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ആഫീസ്, ജില്ലാ ആസൂത്രണ കമ്മിറ്റയുടെ സ്ഥലസംബന്ധമായ ആസൂത്രണ വിഭാഗമായി പ്രവർത്തിക്കേണ്ടതുമാണ്. |

Rajeev

സെക്ഷൻ ഓഫീസർ